ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.06.2024**

## പ്രധാനവാർത്തകൾ

1. പതിനെട്ടാം ലോക് സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. സ്പീക്കർ തിരഞ്ഞെടുപ്പ് ബുധനാഴ്ച.

2. നീറ്റ്-യുജി പരീക്ഷയിലെ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് എഫ്ഐആർ രജിസ്റ്റർ ചെയ്ത് സിബിഐ.

3. സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് മന്ത്രിയായി മാനന്തവാടി എം.എൽ.എ ഒ.ആർ. കേളു സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

4. സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസ്സുകൾ നാളെ ആരംഭിക്കും. സീറ്റ് വിഷയത്തിൽ വിദ്യാർഥി സംഘടനകളുമായി മന്ത്രി വി. ശിവൻകുട്ടി മറ്റന്നാൾ ചർച്ച നടത്തും.

5. കേരളത്തിൽ വ്യാഴാഴ്ച വരെ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. തിരുവനന്തപുരം കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ പ്രത്യേക ജാഗ്രതാ നിർദേശം.

6. ടി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇംഗ്ലണ്ട് – അമേരിക്കയെ നേരിടും. വനിതാ ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 216 റൺ വിജയലക്ഷ്യം.

**************************************

## ലോക്സഭ - സമ്മേളനം

പതിനെട്ടാം ലോക് സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. ലോക് സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞക്ക് നേതൃത്വം നൽകുന്ന പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബ്, സഭാംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. സ്പീക്കർ തിരഞ്ഞെടുപ്പ് ബുധനാഴ്ച നടക്കും. വ്യാഴാഴ്ച്ച രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനവും വ്യാഴാഴ്ച്ചയാണ് ആരംഭിക്കുക.

************************************

## ആഭ്യന്തരമന്ത്രി -യോഗം

രാജ്യത്തെ വെള്ളപ്പൊക്ക നിവാരണ തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനായി ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. രാജ്യത്തെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിന് സമഗ്രമായ നയം രൂപീകരിക്കുന്നതിനുള്ള ദീർഘകാല നടപടികളും കേന്ദ്ര ആഭ്യന്തരമന്ത്രി അവലോകനം ചെയ്തു. സിക്കിമിലും മണിപ്പൂരിലും അടുത്തിടെയുണ്ടായ വെള്ളപ്പൊക്കത്തെക്കുറിച്ച് വിശദമായ പഠനം നടത്തി ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആഭ്യന്തരമന്ത്രി അഭ്യർത്ഥിച്ചു.

************************************

RNUTVPM

## COMMITTED TO EXAM INTEGRITY - INTRO

രാജ്യത്ത് പ്രവേശന പരീക്ഷകളുമായി ബന്ധപ്പെട്ട് 24 മണിക്കൂറിനിടെ കേന്ദ്രസർക്കാർ നാല് സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. സുതാര്യമായി പരീക്ഷ നടത്തുന്നതിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ വ്യക്തമാക്കി. **വിശാദാംശങ്ങളിലേക്ക്...**

(വോയിസ്)

*വിദ്യാർത്ഥികളുടെ ക്ഷേമവും ശോഭനമായ ഭാവിയുമാണ് എൻഡിഎ സർക്കാരിൻ്റെ മുൻഗണനയെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ വ്യക്തമാക്കി. പരീക്ഷയിൽ ക്രമക്കേട് നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിൻറെ തുടർച്ചയായാണ് ഒരു ദിവസത്തിനുള്ളിൽ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടത്. നീറ്റ് ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം സിബിഐക്ക് കൈമാറി. എൻടിഎയുടെ ഡയറക്ടർ ജനറലിനെ മാറ്റി ഐഎസ്ആർഒ മുൻ മേധാവി കെ രാധാകൃഷ്ണൻ്റെ നേതൃത്വത്തിൽ NEET ചോദ്യപേപ്പർ ചോർച്ച അന്വേഷിക്കാൻ ഏഴംഗ ഉന്നതതല സമിതിക്കു രൂപം നൽകി. പരീക്ഷാ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും ഡാറ്റ സുരക്ഷാ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുന്നതിനും എൻ.ടി.എ.യുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് ഉന്നതതല സമിതി ശുപാർശകൾ നൽകും. എൻടിഎയുടെ നിലവിലെ പരാതി പരിഹാര പ്രക്രിയയും സമിതി വിലയിരുത്തും. രണ്ട് മാസത്തിനകം മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കും. ഇന്ന് നടത്താനിരുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചതാണ് മറ്റൊരു സുപ്രധാന തീരുമാനം. പേപ്പർ ചോർച്ച തടയാനും മത്സര*

RNUTVPM

*പരീക്ഷകളിലെ ക്രമക്കേടുകൾ തടയാനുമാണ് പേപ്പർ ചോർച്ച വിരുദ്ധ നിയമം കേന്ദ്ര സർക്കാർ നടപ്പാക്കിയത്. കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് മൂന്ന് വർഷം മുതൽ 10 വർഷം വരെ ശിക്ഷയും 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ പിഴയും ലഭിക്കാനുള്ള വ്യവസ്ഥയും നിയമത്തിലുണ്ട്.UPSC, SSC, റെയിൽവേ, ബാങ്കിങ് റിക്രൂട്ട്മെൻറ് പരീക്ഷകളും NTA നടത്തുന്ന എല്ലാ പരീക്ഷകളും ഈ നിയമത്തിൻ്റെ പരിധിയിൽ വരും.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

***************************************

## CBI-NEET EXAM

നീറ്റ്-യുജി പരീക്ഷയിലെ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് സിബിഐ എഫ്ഐആർ രജിസ്റ്റർ ചെയ്തു. വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ പരാതിയിലാണ് നടപടി. കേസ് അന്വേഷിക്കാൻ സിബിഐ പ്രത്യേക സംഘത്തിന് രൂപം നൽകിയിട്ടുണ്ട്. സമാന വിഷയത്തിൽ രാജ്യത്തുടനീളം ഫയൽ ചെയ്ത കേസുകളിൽ സമഗ്രമായ അന്വേഷണത്തിനും ഗൂഢാലോചന പുറത്തുകൊണ്ടു വരുന്നതിനും നടപടി സ്വീകരിക്കുമെന്ന് സി ബിഐ അറിയിച്ചു. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട പൊതുപ്രവർത്തകരുടെ പങ്ക് അന്വേഷിക്കാനും വിദ്യാഭ്യാസ മന്ത്രാലയം സിബിഐയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

***************************************

RNU TVPM

## ഒ ആർ കേളു

സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് മന്ത്രിയായി മാനന്തവാടി എം.എൽ.എ ഒ.ആർ. കേളു സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ലോക്സഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ട കെ. രാധാകൃഷ്ണൻ രാജിവച്ചതിനെ തുടർന്നാണ് ഒ. ആർ. കേളു മന്ത്രിയാകുന്നത്. സത്യപ്രതിജ്ഞയ്ക്കു ശേഷം സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിലെ ഓഫീസിലെത്തി അദ്ദേഹം ചുമതലയേറ്റു. പിണറായി മന്ത്രിസഭയിൽ വയനാട് ജില്ലയിൽ നിന്നുള്ള ആദ്യ പ്രതിനിധിയാണ് ഒ.ആർ. കേളു. ജില്ലയിൽ നിന്ന് സി.പി.എം സംസ്ഥാന സമിതിയിലെത്തിയ ആദ്യ പട്ടികവർഗ നേതാവ് കൂടിയാണിദ്ദേഹം.

RNU TVPM

*************************************

## പ്ലസ് വൺ ക്ലാസ്സ്

സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും. ഇതുവരെ 3,22,147 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. മുഖ്യ അലോട്മെൻറ് വെള്ളിയാഴ്ച പൂർത്തിയായിരുന്നു. മെറിറ്റിൽ ഇനി അവശേഷിക്കുന്നത് 41,222 സീറ്റുകളാണ്. ഇവ ഉൾപ്പെടുത്തി സപ്ലിമെൻ്ററി അലോട്ട്മെൻറ് നടത്തും. ഓരോ സ്കൂളിലും അവശേഷിക്കുന്ന സീറ്റുകളുടെ പട്ടിക ജൂലായ് രണ്ടിന് ഹയർസെക്കൻഡറി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അലോട്ടമെൻറ് ലഭിക്കാത്തവർ സ്കൂളുകളിൽ മിച്ചമുള്ള സീറ്റുകളുടെ പട്ടിക പരിശോധിച്ച് അപേക്ഷ പുതുക്കണമെന്ന് വിദ്യാഭ്യാസവകുപ്പ് അറിയിച്ചു.

************************************

## പ്ലസ് വൺ സീറ്റ് - പ്രതിഷേധം

പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്കെതിരെ മന്ത്രി വി ശിവൻകുട്ടിക്ക് നേരെ കെ എസ് യു വിൻറെ കരിങ്കൊടി പ്രതിഷേധം. വഴുതക്കാട് മന്ത്രിയുടെ ഔദ്യോഗിക വസതിക്ക് മുന്നിലായിരുന്നു പ്രതിഷേധം. മുദ്രാവാക്യങ്ങളും കൊടികളുമായി മന്ത്രിയുടെ കാർ തടഞ്ഞ് പത്തോളം വരുന്ന കെ എസ് യു പ്രവർത്തകർ പ്രതിഷേധിക്കുകയായിരുന്നു. പ്രതിഷേധത്തിനിടെ പ്രവർത്തകർ മന്ത്രിയുടെ കാറിൽ കരിങ്കൊടി കെട്ടി. തുടർന്ന് പോലീസ് എത്തി പ്രതിഷേധക്കാരെ മാറ്റിയ ശേഷം മന്ത്രി യാത്ര തുടരുകയായിരുന്നു.

RIJU TVPM

************************************

## പ്ലസ് വൺ സീറ്റ് - ചർച്ച

പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ വിവിധ വിദ്യാർത്ഥി സംഘടനകളെ ചർച്ചയ്ക്ക് വിളിച്ച് സർക്കാർ. ചൊവ്വാഴ്ച സെക്രട്ടറിയേറ്റിലാണ് ചർച്ച. വിദ്യാർത്ഥി സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചാണ് മന്ത്രി വി ശിവൻകുട്ടി സംഘടനകളെ ചർച്ചയ്ക്ക് വിളിച്ചത്. പ്ലസ് വൺ സീറ്റ് വിഷയത്തിൽ കെ എസ് യു നിലവിൽ സമരത്തിലാണ്. വടക്കൻ കേരളത്തിൽ പ്ലസ് വൺ സീറ്റിൽ ഗുരുതര പ്രതിസന്ധി ഉണ്ടെന്നും അലോട്ട്മെന്റുകൾ പൂർത്തിയായ ശേഷവും കുട്ടികൾക്ക് സീറ്റ് കിട്ടിയില്ലെങ്കിൽ സമരത്തിലേക്ക് കടക്കുമെന്നും എസ്എഫ്ഐയും വ്യക്തമാക്കിയിരുന്നു.

************************************

## ക്രിമിനൽ നിയമങ്ങൾ - ചർച്ച

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച ഇന്ന് രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

***********************************

## ഹരിപ്പാട് ആശുപത്രി

ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡോക്ടർക്കെതിരെ വീഡിയോയിലൂടെ സ്ത്രീ പരാതി ഉന്നയിച്ച സംഭവത്തിൽ അന്വേഷിച്ച് നടപടി സ്വീകരിക്കാൻ മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർക്ക് നിർദേശം നൽകി. ആരോപണമുന്നയിച്ച സ്ത്രീയുടെ ഭർത്താവിന് മതിയായ ചികിത്സ ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി.

***********************************

RNUTVPM

## മാടവന ബസ് അപകടം

കൊച്ചി മാടവനയിൽ സ്വകാര്യ ബസ് ട്രാഫിക് സിഗ്നലിൽ ഇടിച്ചുമറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. ബൈക്ക് യാത്രികനായ ഇടുക്കി സ്വദേശി ജിജോ സെബാസ്റ്റ്യൻ ആണ് മരിച്ചത്. സിഗ്നലിൽ ബസ് നിർത്താനുള്ള ശ്രമത്തിനിടെ നിയന്ത്രണം നഷ്ടപ്പെട്ട് സമീപം നിർത്തിയിട്ട ബൈക്കിനു മുകളിലേക്ക് മറിയുകയായിരുന്നു. ബംഗുളൂരുവിൽ നിന്ന് വർക്കലയിലേക്ക് പോയ കല്ലട ബസ് ആണ് അപകടത്തിൽപ്പെട്ടത്.

***********************************

## കാലാവസ്ഥ

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നിർദ്ദേശം നൽകി. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനു പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്. അതേസമയം തിരുവനന്തപുരം, കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

************************************

## ടി 20 ലോകകപ്പ്

ടി 20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് രണ്ടിൽ ഇന്ന് രാത്രി എട്ടിന് നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് - അമേരിക്കയെ നേരിടും. രാവിലെ നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ അഫ്ഗാനിസ്ഥാൻ 21 റൺസ് ജയം നേടി.

RIUTVPM

************************************

## വനിതാ ക്രിക്കറ്റ്

വനിതാ ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെയുള്ള മൂന്നാമത്തെയും അവസാനത്തെയും ഏകദിന മത്സരത്തിൽ ഇന്ത്യക്ക് 216 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ദക്ഷിണാഫ്രിക്ക നിശ്ചിത 50 ഓവറിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 215 റൺ എടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട്

കിട്ടുമ്പോൾ 17 ഓവറിൽ ഒരു വിക്കറ്റിന് 85 റൺ എടുത്തിട്ടുണ്ട്.

*******************************************************

************************************

**********************

RNU TVPM